**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 547** **21-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ ചൂഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വിനോദ സഞ്ചാരികൾ ചൂഷണത്തിന് വിധേയമാകാതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ടൂറിസം മേഖലയുടെ വികസനത്തിനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതോറിറ്റിയുടെ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു.<br><br>ട്രാവൽ ടൂറിസം മേഖലയിലെ സ്ഥാപനങ്ങളോ വ്യക്തികളോ നടത്തുന്ന ക്രിമിനൽ സ്വഭാവമുള്ള പ്രവൃത്തികളിൽ അന്വേഷണം നടത്തുക, രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് മുതലായവ ഇല്ലാതെ പ്രവർത്തിക്കുന്ന ടൂറിസം സ്ഥാപനങ്ങളെപ്പറ്റിയുള്ള അന്വേഷണവും പരിശോധനയും, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ മാർഗ്ഗ നിർദേശങ്ങൾ ടൂറിസം പ്രൊമോട്ടേഴ്സ് / സർവീസ് പ്രൊവൈഡേഴ്സ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് റഗുലേറ്ററി അതോറിറ്റിയെന്ന നിർദ്ദേശം സമർപ്പിച്ചിരിക്കുന്നത്. |
| (സി) | ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവനദാതാക്കൾക്ക് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | ബി പിരിവിന്റെ അതെ മറുപടി |

സെക്ഷൻ ഓഫീസർ